# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാനാവശ്യമായ ശേഷികളും, ധാരണകളും, മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണല്ലോ വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് നാം ലക്ഷ്യം വെക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹ നിർമിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസപ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്.

കേരളം മറ്റു പല രംഗങ്ങളിലും എന്ന പോലെ വിദ്യാഭ്യാസ രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. വിവിധ സർക്കാരുകളുടെ വികസനാത്മകമായ ഇടപെടലുകളും പ്രബുദ്ധരായ സമൂഹത്തിന്റെ സഹകരണവും സഹായങ്ങളും വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വപരമായ പങ്കും ഇവിടെ നടപ്പാക്കിയ വിവിധ പ്രൊജക്ടുകളും ഈ പുരോഗതിക്ക് കാരണമായിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി പല പ്രവർത്തനപദ്ധതികളും നടപ്പിലാക്കി വരികയാണ്. ഓരോ ക്ലാസ്സിലും കുട്ടികൾ അറിയേണ്ട കഴിവും, അറിവും അതാത് ക്ലാസ്സിൽ വെച്ചുതന്നെ നേടി എന്നുറപ്പാക്കുക എന്നത് സമഗ്ര ഗുണമേന്മാ പദ്ധതിയുടെ ഭാഗമാണ്. ഓരോ ഘട്ടത്തിലും കുട്ടികളുടെ പഠനനില അറിഞ്ഞുകൊണ്ട് അതാത് അവസരങ്ങളിൽ ആവശ്യമായ പഠനപിന്തുണ ഉറപ്പാക്കി പഠനത്തിൽ മുന്നേറാൻ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ജനാധിപത്യം, മതനിരപേക്ഷത, തുല്യത തുടങ്ങി ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങളും പാഠ്യപദ്ധതി ചട്ടക്കൂട് 2023 മുന്നോട്ടുവെച്ച സാമൂഹിക മൂല്യങ്ങളും, പൗരബോധവും കുട്ടികളിൽ ഉളവാകുന്നതരത്തിൽ പഠനപ്രക്രിയ വികസിപ്പിക്കേണ്ടതുണ്ട്.

# വിദ്യാലയത്തിൽ പ്രതിഫലിക്കുന്ന മാറ്റം

- വിദ്യാലയങ്ങളുടെ ഭൗതികാന്തരീക്ഷം മെച്ചപ്പെടുന്നതോടൊപ്പം പൊതുസമൂഹത്തിന്റെ പിന്തുണയോടെ അക്കാദമിക മികവിലേക്കുയരുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
- അക്കാദമിക മുന്നേറ്റം സാധ്യമാക്കേണ്ട മേഖലകൾ കണ്ടെത്തി പ്രശ്നപരിഹാരണത്തിനായുള്ള പദ്ധതികൾ തയ്യാറാക്കുന്നു.
- എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ ക്ലാസ് മുറികളിൽ നടപ്പിലാക്കുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കുന്നു.
- സ്കൂളിലെ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ക്ലാസ് പിടിഎ കൾ ശക്തിപ്പെടുത്തുന്നു.
- സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭ്യമാകുന്നു.

# പ്രവർത്തന കലണ്ടർ

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണകാലം |
| --- | --- | --- |
| 1. | സമഗ്രഗുണമേന്മാപദ്ധതി | ജൂൺ - മാർച്ച് |
| 2. | മലയാള മധുരം | ജൂൺ-മാർച്ച് |
| 3. | വായനോത്സവം | ജൂൺ-മാർച്ച് |
| 4. | റീഡേഴ്സ് തിയേറ്റർ | ആഗസ്റ്റ്- മാർച്ച് |
| 5. | Sweet English | ജൂലായ് - മാർച്ച് |
| 6. | ഗണിതകേളികൾ | ആവശ്യാനുസരണം |
| 7. | ഫീൽഡ് ട്രിപ്പ് | ആഗസ്റ്റ് |

# സമഗ്ര ഗുണമേന്മാ പദ്ധതി

## ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികളെയും നിലവിലുള്ള അവസ്ഥയിൽ നിന്ന് ഒരു പടി മുന്നിലേക്കുയർത്തുക.
* കുട്ടി നേടിയ അറിവ് വ്യത്യസ്ത സന്ദർഭങ്ങളിൽ പ്രയോഗിക്കാൻ കഴിയുമെന്ന ഉറപ്പ് വരുത്തുക.

## പ്രവർത്തനങ്ങൾ

- ചിത്രവായന
- ചിത്രം നോക്കി ലഘുവാക്യങ്ങളും, വാക്കുകളും എഴുതൽ
- ആഭരണമണിയിക്കൽ
- സ്വന്തമായി വ്യവഹാരരൂപങ്ങൾ തയ്യാറാക്കൽ

## കാലയളവ്

ജൂൺ മുതൽ മാർച്ച് വരെ

## മലയാള മധുരം

ഒന്നു മുതൽ നാലു വരെയുള്ള കുട്ടികൾക്കായി അവധിക്കാലത്ത് വായനതുടർച്ച ഉറപ്പുവരുത്തുന്നതിനായി നടത്തിയ നൂതന പരിപാടിയാണ് മലയാള മധുരം. കഥകൾ ആസ്വദിച്ച് വായിക്കാനും തങ്ങൾക്ക് കിട്ടിയ ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരം ഒരുക്കി. ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയിലേക്ക് എത്തിക്കുന്നതിനോടൊപ്പം കുട്ടികളെ ആശയഗ്രഹണ വായനയിലേക്കും ഭാവാത്മക വായനയിലേക്കും നയിക്കുന്നതിലൂടെ ഭാഷാവികാസത്തിന് സാധ്യതയൊരുക്കുന്നു.

### പ്രവർത്തന ലക്ഷ്യങ്ങൾ

* ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനക്ക് അവസരം ഒരുക്കുന്നു.
* സർഗ്ഗശേഷി വികസനത്തിന് സാധ്യതയൊരുക്കുന്നു.
* ആശയം ഗ്രഹിച്ച് ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

### സമയം

* ജൂൺ മുതൽ മാർച്ച് വരെ

### ചുമതല

SRG, Teachers

# വായനോത്സവം

ഒന്നു മുതൽ നാലുവരെയുള്ള കുട്ടികൾക്ക് വായനാശേഷി വർദ്ധിപ്പിക്കാനും ഭാവാത്മകമായ വായനയിലേക്ക് നയിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനം

## പ്രവർത്തനലക്ഷ്യം

* വായനാശേഷി വളർത്തൽ
* സ്കൂളിലെ മുഴുവൻ കുട്ടികളെയും മികച്ച വായനക്കാരായി മാറ്റുന്നു.

## പ്രവർത്തനം

- ക്ലാസ് വായനാക്കൂട്ടം
- ക്ലാസ് ലൈബ്രറി ഒരുക്കൽ
- പുസ്തക പരിചയം
- വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്

## സമയം

ജൂൺ മുതൽ മാർച്ച് വരെ

## ചുമതല

HM, SRG, Teachers, CPTA

## റീഡേഴ്സ് തിയേറ്റർ

ലഘുവിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. ഭാവാത്മക വായനക്കും ശ്രാവ്യവായനക്കും ഏറെ സാധ്യതയുള്ള ഒരു സങ്കേതമാണ് റീഡേഴ്സ് തിയേറ്റർ.

### പ്രവർത്തനലക്ഷ്യങ്ങൾ

* പാഠപുസ്തകങ്ങളിലെയും ലഘുബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.
* ഭാഷയിലെ പഠനനേട്ടത്തിന് സംഗീതം, ശ്രാവ്യവായന, ഭാവാത്മകവായന ഇടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി അവതരിപ്പിക്കുന്നു.

### സമയം

ആഗസ്റ്റ് മുതൽ മാർച്ച് വരെ

### ചുമതല

ടീച്ചേഴ്സ്, SRG

# Sweet English

ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും, എഴുതാനും, സംസാരിക്കാനും ഉള്ള ശേഷി നേടാൻ സാധ്യതയൊരുക്കുന്നു.

പ്രവർത്തനങ്ങൾ

1. ഇംഗ്ലീഷ് ഡയറിക്കുറിപ്പ്

തെറ്റില്ലാത്ത ഇംഗ്ലീഷ് എഴുതാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി നിത്യവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറിക്കുറിപ്പായി എഴുതൽ.

സമയം

ജൂൺ മുതൽ മാർച്ച് വരെ

2. ഇംഗ്ലീഷ് തിയേറ്റർ

സർഗ്ഗാത്മക പരിപോഷണം

ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കൽ, story telling, Conversation, Drama.

സമയം

ജൂലായ് മുതൽ മാർച്ച് വരെ

## 3. Reading English story and making questions and answers

ലഘുകഥകൾ നൽകുന്നു. അതിൽ നിന്നും ചോദ്യങ്ങൾ നൽകുകയും ചെയ്യുന്നു. ഉത്തരം കുട്ടികൾ സ്വന്തമായി കണ്ടെത്തി എഴുതൽ.

രണ്ടാം ഘട്ടത്തിൽ കഥകൾ വായിച്ച് കുട്ടികൾ സ്വന്തമായി ചോദ്യങ്ങളും ഉത്തരങ്ങളും കണ്ടെത്തി എഴുതുന്നു.

## 4. Just a minute

ഒന്നു മുതൽ നാലു വരെയുള്ള ക്ലാസിലെ കുട്ടികൾക്കായുള്ള ഇംഗ്ലീഷ് speaking ability മെച്ചപ്പെടുത്താനുള്ള പ്രവർത്തനം

കുട്ടിക്ക് പരിചയമുള്ള ഏതെങ്കിലും ഒരു object നെ കുറിച്ച് ഒരു മിനിട്ട് കുട്ടികൾ ഇംഗ്ലീഷിൽ സംസാരിക്കുന്നു. സംസാരിക്കുന്ന വീഡിയോ ഗ്രൂപ്പിലേക്ക് നൽകി

സമയം

ജൂലൈ മുതൽ മാർച്ച് വരെ

5. Oneday English Workshop

കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാശേഷി മെച്ച-
പ്പെടുത്താനും, പരിപോഷിപ്പിക്കാനും വേണ്ടി
ഒരു ഇംഗ്ലീഷ് ക്ലാസ് സംഘടിപ്പിക്കുന്നു.

<u>സമയം</u>

ഡിസംബർ

6. English assembly

ഇംഗ്ലീഷ് അസംബ്ലി കുട്ടികളുടെ
നിയന്ത്രണത്തിൽ നടത്തുന്നു

# ഗണിതകേളികൾ

**ലക്ഷ്യം**

ഗണിതപഠനം രസകരമാക്കൽ

**പ്രവർത്തനങ്ങൾ**

വിവിധതരം കളികൾ അനുരൂപീകരണം ചെയ്യൽ നടപ്പാക്കൽ [ഏണിയും പാമ്പും, ഡൈസ് കളി, ഡൊമിനോകളി]

## പഠനോപകരണ നിർമ്മാണ ശില്പശാല

**ലക്ഷ്യം**

പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ

**പ്രവർത്തനം**

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണ ശില്പശാല.

കാലയളവ് - ആവശ്യാനുസരണം

ചുമതല - ജാസ് ടീച്ചർ

ഗണിതശേഷികളിലെ പ്രകടനം മെച്ചപ്പെടുത്താൻ പസിൽ, പ്രശ്നോത്തരി, പാറ്റേൺ തുടങ്ങിയ പ്രവർത്തനങ്ങൾ നൽകുന്നു.

കാലയളവ് - ആവശ്യാനുസരണം

ചുമതല - Teachers, SRG

# പരിസരപഠനം

ഫീൽഡ് ട്രിപ്പ്

**ലക്ഷ്യം**

നിരീക്ഷണം, അറിവ് നിർമ്മാണം

**പ്രവർത്തനം**

പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ്
ട്രിപ്പുകൾ സംഘടിപ്പിക്കൽ.

കാലയളവ് - ആവശ്യാനുസരണം

## പരീക്ഷണങ്ങൾ

**ലക്ഷ്യം** :-
ശാസ്ത്രപഠനം ലളിതവും രസകരവു
മാക്കൽ.

**പ്രവർത്തനം** :-
പാഠഭാഗവുമായി ബന്ധപ്പെട്ടതും രസ
കരവുമായ പരീക്ഷണങ്ങൾ ഉൾപ്പെടു
ന്ന ശാസ്ത്രക്ലാസ് സംഘടിപ്പിക്കുന്നു.

**സമയം**

ആഗസ്റ്റ്

**ചുമതല**

HM, SRG